# “വലിയവ ചെയ്യുന്ന ദൈവം”

## ലൂക്കോസ് 1:49

‘ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു. അവന്റെ നാമം പരിശുദ്ധം തന്നെ’

ഇന്ന് വിജയത്തിൽ നിന്ന് വിജയത്തിലേക്ക് മാത്രം കുതിച്ചു പാഞ്ഞുകൊണ്ട് വൻകാര്യങ്ങൾ (വലിയവ) മാത്രം ആഗ്രഹിച്ചുകൊണ്ട് നീങ്ങുന്ന ലോകജനതയ്ക്ക് ഈ ദൂത് വലിയ ഒരു മാതൃക തന്നെയാണെന്നു പറയാം. മഹത്തരമേറിയതെന്ന് വിശേഷിപ്പിക്കാത്തതൊന്നും ഒരു ശിശുവിനുപ്പോലും ഇന്ന് സ്വീകാര്യമല്ല. എന്നാൽ സർവ്വശക്തനായ ഒരു ദൈവം കൂടെയുണ്ടെന്നും, അവൻ നമ്മുടെ ജിവിതത്തിൽ ഒരുക്കി തരുന്നതെല്ലാം വലിയവ ആണെന്നും വിശ്വസിക്കണമെങ്കിൽ, അനുഭവിക്കണമെങ്കിൽ, ആസ്വദിക്കണമെങ്കിൽ അത് ‘‘ദൈവകൃപ’’ മാത്രം.

ദൈവം തന്നോട് അരുളിചെയ്തതിനു നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ചുകൊണ്ട് സർവ്വ ശക്തനായവനെ പാടി പുകഴ്ത്തുന്ന വാകൃങ്ങളിൽ ഒന്നാണല്ലോ നാം ഇവിടെ വായിച്ചത്. മറ്റേതൊരു പാട്ടിനെക്കാളും ശക്തവും അർത്ഥവത്തായതുമായ വരികളാണ് 1 ലൂക്കോസ് 46–49 വരെ കാണാൻ കഴിയുന്നത്. ലോകരക്ഷിതാവായ യേശുവിനെ വഹിപ്പാൻ കഴിയുന്നതിൽ അധികമായി ഒരു ഭാഗ്യം ഇല്ല എന്ന് വിശ്വസിപ്പാൻ ദൈവം അവൾക്ക് കൃപ കൊടുത്തു. അരുളിചെയ്തവൻ സർവ്വശക്തനാണെന്നും, അവന്റെ നാമം പരിശുദ്ധമാണെന്നുമുള്ള പരിഞ്ജാനം ‘‘അവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു’’ എന്ന് പാടുവാനുള്ള കൃപയിലേക്ക് നയിച്ചു.

നമുക്കറിയാവുന്നതുപോലെ കനൃകയായ ഒരു സ്ത്രി ഒരു കുഞ്ഞിന് ജന്മം കൊടുക്കാൻ ഒരുങ്ങുന്നു. ലോകം മുഴുവൻ പ്രതികൂലം ആകും എന്നറിഞ്ഞു കൊണ്ട് അവൾക്ക് നേരിടാൻ പോകുന്ന സകല ബുദ്ധിമുട്ടുകളേയും മുന്നമേ ദർശിച്ചുകൊണ്ട് ‘‘എനിക്ക് സംഭവിച്ചത് വലിയകാര്യം’’ ആണ് എന്ന് പറയണമെങ്കിൽ അത് എത്ര മഹത്തായ വിശ്വാസം ആണെന്ന് നമുക്ക് മനസ്സിലാക്കാം. കാരണം ‘ക്രിസ്തു’ അവളുടെ ഉള്ളിൽ ജനിപ്പാൻ ഇടയായി

ഇന്ന് സർവ്വശക്തനായ ദൈവത്തെക്കുറിച്ചുള്ള ധാരണ മാനുഷിക യുക്തിയുടെ താഴ്ന്ന നിലവാരങ്ങളിലേക്ക് കൊണ്ടുവരുന്ന സമൂഹത്തിന് ഇത് പ്രചോദനം ആണ്. അതേ ദൈവീക സതൃത്തിൽ വിശ്വസിക്കുമ്പോൾ അത് വേറൊരു തലത്തിലേക്ക് പ്രവേശിക്കുവാൻ ഇടയാകും. മാനുഷിക യുക്തിക്കും, ബുദ്ധിക്കും അപ്പുറമായുള്ള തലമാണ് ദൈവവചനത്തിൽ ലൂക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നത്. അവൾ ദൈവത്തിന്റെ അരുളപ്പാട് പൂർണ്ണമായി വിശ്വസിച്ചതുകൊണ്ട് ഭാഗ്യവതിയായി.

എത്ര അദ്ഭുതകരമായ ഒരു പദവി? ക്രിസ്തുവിനെ ഉള്ളിൽ വഹിപ്പാൻ തക്കവണ്ണം കൃപയാൽ വിശ്വാസത്തോടെ വിളിക്കപ്പെട്ടവർക്ക് ലഭിച്ച ഉന്നതമായ പദവി ഇതു തന്നെയല്ലേ. ലോകത്തിന്റെ ഭാഷയിലും യുക്തിയിലും മനസ്സിലാക്കാനോ, വ്യാഖ്യാനിക്കാനോ സാധിക്കാത്ത 'ഭാഗ്യമേറിയ' പദവിയിൽ അന്ത്യത്തോളം ജീവിക്കാൻ ഇടയാകട്ടെ.

വിശ്വാസത്തിന്റെ ഉറവിടവും, അടിസ്ഥാനവുമായ യേശുക്രിസ്തുവിലുള്ള ഉറപ്പാണ് ലോകത്തിൽ ഇടപെടാൻ ഒരു ദൈവപൈതലിന്റെ ഏറ്റം ശക്തമേറിയ ആയുധം. ഭോഷ്ക്ക് പറയാൻ കഴിയാത്ത സ്വന്തം സ്വാഭാവത്തിന്റെ അടിസ്ഥാന ഘടകം വിശുദ്ധിയായി നിലകൊള്ളുന്ന സർവ്വശക്തനായ ദൈവം. മറിയ അത് മുന്നമേ മനസ്സിലാക്കി. ദൈവീക സ്വാഭാവത്തോടു തന്നെ നാം പൂർണ്ണമായി ഇഴുകി ചേർന്ന് അവന്റെ സ്വർഗ്ഗീയ ചിറകുകളിൽ ഇരുന്നു കൊണ്ട് പർവ്വത ശൃംഖങ്ങളിലേക്ക് പറന്നുയരാൻ കഴിഞ്ഞ വിശ്വാസം.

അതേ, അസ്ഥി, മജ്ജ മാംസാദികൾക്ക് സ്വാധീനമില്ലാത്ത അദൃശ്യമായ ഒരു ജനനം മറിയയുടെ ഉള്ളിൽ നടന്നു. അത് ദൈവത്താലുള്ളതെന്നും, ഭൗമീക തലത്തിന് അതീതമെന്നും, വിശ്വസിക്കാൻ അവൾക്ക് കഴിഞ്ഞു. ഇന്ന് ദൈവത്തിന്റെ വരദാനമായി അദൃശ്യമായി ഹൃദയത്തിന്റെ അടിത്തട്ടിൽ ക്രിസ്തുവിന്റെ ജനനം നടക്കുമ്പോൾ അത് ഓരോ ദൈവപൈതലിനും ഏറ്റം വലിയതെന്ന് വിശ്വസിക്കാനും, അനുഭവിക്കാനും കൃപ ലഭിക്കുന്നു.

ഹൃദയങ്ങൾ രൂപാന്തരം അനുഭവിച്ച് ദൈവഭവനത്തിലേക്ക് പ്രവേശിക്കുന്നതിനും, ദൈവപൈതലായി തീരുന്നതിനുമുള്ള അസാധാരണമായ അവകാശം നൽകുന്ന പുതു ജനനം അതോ രക്ഷ മാത്രമാണ് ഈ വാക്യത്തിലൂടെ നാം കണ്ടത്. ആ രക്ഷയുടെ സന്തോഷം പൂർണ്ണ തോതിൽ ഏറ്റെടുത്തപ്പോൾ, അനുഭവിച്ചപ്പോൾ ലോകത്തിന്റെ ഒരു മാനദണ്ഡവും, പ്രതികൂലങ്ങളും ശ്രദ്ധിക്കാതെ ദൈവത്തെ പാടി പുകഴ്ത്താനുള്ള ഭാഗ്യം ലഭിച്ചു.

ഒരേ രക്തത്തിന്റെ അംശികളായി സൃഷ്ടിക്കപ്പെട്ട, അദ്ഭുത സൃഷ്ടികളായ ദൈവ മക്കൾക്ക് ഈ സ്തുതി ഗീതം പാടാൻ ദിനവും ഇടയാകട്ടെ. ജീവിതത്തിൽ ഒന്നും നേടിയില്ലെങ്കിലും നഷ്ടം മാത്രമേ ഉള്ളെങ്കിലും പിതാവായ ദൈവത്തിന്റെ മകനായി, മകളായി തീർന്ന ഒരു നേട്ടം മാത്രം മതി. യേശുവിനെ ഉള്ളിൽ വഹിക്കാൻ തക്കവണ്ണം ദൈവം തിരഞ്ഞെടുത്ത കൃപയോർത്ത് ഭാഗ്യപദവി ഓർത്ത് ഏതു സാഹചര്യത്തിലും അനുകൂലമോ, പ്രതികൂലമോ ആകട്ടെ ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കും

**അവന്റെ നാമം പരിശുദ്ധം തന്നെ എന്ന രക്ഷാഗീതം പാടുവാൻ ഓരോ ദൈവമക്കൾക്കും ഇടയാകട്ടെ.**

**പരാമർശം :**
**ഫിലിപ്പിയർ 4:19**

**എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 006**